അല്ലാഹുവിന്റെ ശിക്ഷ കൊണ്ട് നിങ്ങൾ ശിക്ഷിക്കരുത്
ഇക്രിമ (الله رحمه (നിവേദനം: അലി (رضي الله عنه) ഒരു വിഭാഗം ആളുകളെ തീ കൊണ്ട്
കരിച്ചുകളഞ്ഞു. ഈ വിവരം ഇബ്നു അബ്ബാസ് (رضي الله عنهما) അറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു:
"ഞാനായിരുന്നെങ്കിൽ അവരെ തീ കൊണ്ട് ശിക്ഷിക്കില്ലായിരുന്നു. കാരണം നബി (صلى الله عليه وسلم(
പറഞ്ഞിട്ടുണ്ട്: "അല്ലാഹുവിന്റെ ശിക്ഷ കൊണ്ട് നിങ്ങൾ ശിക്ഷിക്കരുത്." എന്നാൽ ഞാൻ
അവരെ വധിക്കുമായിരുന്നു. കാരണം നബി (صلى الله عليه وسلم) പറഞ്ഞിട്ടുണ്ട്: "ആരെങ്കിലും തന്റെ മതം
മാറ്റിയാൽ അവനെ നിങ്ങൾ വധിക്കുക."
[صحيح] [رواه البخاري]
അലി ബിൻ അബീ ത്വാലിബ് (رضي الله عنه) തന്റെ ഇജ്തിഹാദ് (ഗവേഷണം) അനുസരിച്ച് ഇസ്ലാമിൽ നിന്ന്
മതം മാറിയ നിരീശ്വരവാദികളായ ഒരു വിഭാഗത്തെ തീയിലിട്ട് ശിക്ഷിച്ചു. അബ്ദുല്ലാഹി ബിൻ
അബ്ബാസ് (عنهمـــــــــا اللـــــــــه رضـــــــــي (ഈ വിവരം അറിഞ്ഞപ്പോൾ, അവരെ വധിച്ചതിനെ അദ്ദേഹം
അനുകൂലിച്ചെങ്കിലും തീയിലിട്ട് ശിക്ഷിച്ചതിനെ അദ്ദേഹം എതിർത്തു. അദ്ദേഹം പറഞ്ഞു:
"ഞാനായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനത്തെങ്കിൽ അവരെ തീയിലിട്ട്
ശിക്ഷിക്കില്ലായിരുന്നു. കാരണം, അഗ്നിയുടെ രക്ഷിതാവായ അല്ലാഹു മാത്രമാണ് തീ കൊണ്ട്
ശിക്ഷിക്കാൻ അർഹതയുള്ളവർ എന്ന് നബി (صلى الله عليه وسلم) അറിയിച്ചിട്ടുണ്ട്. അവരെ വധിച്ചാൽ
മതിയാകുമായിരുന്നു; കാരണം "ആരെങ്കിലും ഇസ്ലാമിൽ നിന്ന് മാറി മറ്റൊരു മതം സ്വീകരിച്ചാൽ
അവനെ നിങ്ങൾ വധിക്കുക." എന്ന് നബി (صلى الله عليه وسلم) പറഞ്ഞിട്ടുണ്ട്.
https://www.sunnah.global/hadeeth/ml/show/58227